# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5977 04.11.2016 -ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ
,, അടൂർ പ്രകാശ്
,, അനിൽ അക്കര
,, എൽദോസ് കുന്നപ്പിള്ളി :

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായുള്ള വ്യവസായ സംരംഭകത്വ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ; | (എ) | കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള കോളേജുകളിലെ കോഴ്സുകൾക്ക് അനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നകാര്യം പരിഗണിച്ചുവരുന്നു.<br><br>വ്യവസായ സംരംഭകത്വ പദ്ധതി (Technology Business Incubation Centre TBI) 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 4 സർക്കാർ പോളിടെക്നിക്ക് കോളേജുകളിലും, കളമശ്ശേരി സൂപ്പർവൈസറി ഡവലപ്മെന്റ് സെന്ററിലും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പുതുതായി വിജയിച്ച വരുന്ന എഞ്ചിനീയറിംഗ് ബിരുദ / ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുക, സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് ആവശ്യമായ പരിശീലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശങ്ങൾ.<br><br>അടിസ്ഥാന സൗകര്യവികസനത്തിനും വിവിധ സോഫ്റ്റ് വെയർ വ്യവസായസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും, വ്യവസായസ്ഥാപനങ്ങളിലെ പ്രമുഖരുമായുള്ള ടെക്നിക്കൽ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും, അത്യാധുനിക സോഫ്റ്റ് വെയർ ഉപകരണങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതി |

| | | | |
|---|---|---|---|
| | | | രൂപീകരണത്തിനും , വികസനത്തിനും , സോഫ്റ്റ് വെയർ സെറ്റുകൾ സ്ഥാപിക്കുന്നതിനും , തുടരെയുള്ള ടെസ്റ്റിംഗുകൾക്കും, വിദ്യാർത്ഥികളിൽ സംരംഭകത്വ കഴിവുകൾ വളർത്തുവാനും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകളിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കി വരുന്നത്, വിവരിക്കാമോ; | (സി) | താഴെപറയുന്ന സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.<br>2. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ<br>3. രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം<br>4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ<br>5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട്<br>6. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്<br>7. ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂർ<br>8. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, വയനാട്<br>9. ഗവൺമെന്റ് പോളിടെക്നിക് കോളേജ് കടുത്തുരുത്തി,<br>10. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കളമശ്ശേരി,<br>11. ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജ് ,തൃശ്ശൂർ,<br>12. ശ്രീ രാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ് തൃപ്രയാർ,<br>13. സൂപ്പർവൈസറി ഡവലപ്മെന്റ് സെന്റർ കളമശ്ശേരി. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ ഭാഗമായി എത്ര സംരംഭകത്വ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്; ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ക്ലബ്ബുകളുടെ എണ്ണം -13 (ഓരോ സ്ഥാപനത്തിലും ഓരോന്നു വീതം) ഓരോ ക്ലബ്ബും സംരംഭകരെ കണ്ടെത്തുക, അവർക്കാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുക, സംരംഭകർക്കു വേണ്ടുന്ന സേവനം നൽകുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രത്യേക സ്ഥലം കണ്ടെത്തി സംരംഭകർക്കാവശ്യമായ ക്യൂബിക്കിളുകൾ , ബയോമെട്രിക് കം ആക്സസ് കൺട്രോൾ, സെക്യൂരിറ്റി ക്യാമറകൾ, കമ്പ്യൂട്ടറുകൾ, പ്രിന്റിംഗ് ഉടങ്ങിയ സൗകര്യങ്ങൾ, ഹൈസ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ഇവ ക്ലബ്ബുകൾ ഒരുക്കി നൽകുന്നു. നിലവിൽ ഈ സൗകര്യങ്ങൾ ഉപയോഗിക്കുന്ന സംരംഭകരുടെ എണ്ണം താഴെ പ്പറയുന്നു.<br>1. കോളേജ് ഓഫ് എഞ്ചിനീയറിംഗ് , തിരുവനന്തപുരം. - 8<br>2. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ - 5<br>3. രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം - 4<br>4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ - 7<br>5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് - 5<br>6. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് - 4<br>7. ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കണ്ണൂർ - ഇല്ല. (ഈ അക്കാദമിക് വർഷത്തെ യൂണിറ്റുകളുടെ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായി വരുന്നു.)<br>8. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, വയനാട് - 3<br>9. ഗവൺമെന്റ് പോളിടെക്നിക് കോളേജ് കടുത്തുരുത്തി - 1 |

| | | | |
|---|---|---|---|
| | | | 10. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കളമശ്ശേരി -1<br>11. ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജ്, തൃശ്ശൂർ -1<br>12. ശ്രീ രാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ് തൃപ്രയാർ - 3<br>13. സൂപ്പർവൈസറി ഡവലപ്മെന്റ് സെന്റർ കളമശ്ശേരി - 2 |

**സെക്ഷൻ ഓഫീസർ**